ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ പുതിയ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി, ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് 1987 മുതൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്പോഴും തുടരുന്നു. സർക്കാരിന്റെ ഓരോ മാസത്തേയും സാമ്പത്തിക നില അനുസരിച്ച് ഈ ക്രമീകരണങ്ങളിൽ ചില വ്യതിയാനങ്ങൾ വരുത്തി ഇളവുകൾ അനുവദിക്കാറുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി ആന്റ് ഇ) ഉദിക്കുന്നില്ല.

പഴയങ്ങാടി സബ് ട്രഷറി കെട്ടിടം നിർമ്മിക്കാൻ നടപടി

11 [2874] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പഴയങ്ങാടി സബ്ട്രഷറി ഏതു വർഷമാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത ട്രഷറി ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഴയങ്ങാടി സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കണമെന്ന് ട്രഷറി വകുപ്പ് പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1983-ൽ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) പഴയങ്ങാടി സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കണമെന്ന് ട്രഷറി വകുപ്പ് ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത സ്ഥലം വഴി റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ സ്ഥലം ലഭ്യമാക്കാൻ സാധ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് വേറെ സ്ഥലം ട്രഷറി അധികൃതർ അന്വേഷിക്കുന്നുണ്ട്. സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ മാത്രമെ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly